**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3969** **09-10-2025 - ൽ മറുപടിയ്ക്ക്**

**മിൽമ സംഭരിക്കുന്ന പാലിന് നൽകുന്ന വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മിൽമ സംഭരിക്കുന്ന പാലിന് ലിറ്ററിന് എത്ര രൂപ വീതമാണ് കർഷകർക്ക് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പാലിന്റെ ഗുണനിലവാരം അടിസ്ഥാനപ്പെടുത്തി മിൽമ തയ്യാറാക്കിയിരിക്കുന്ന പാൽ വില ചാർട്ട് പ്രകാരമാണ് സംഘം കർഷകരിൽ നിന്നും സംഭരിക്കുന്ന പാലിന് വില നൽകി വരുന്നത്. |
| (ബി) | പാൽ വിലയ്ക്ക് പുറമെ ക്ഷീരകർഷകർക്ക് മറ്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; | (ബി) | ക്ഷീരവികസന വകുപ്പ് പദ്ധതി പ്രവർത്തനങ്ങളിലൂടെ നിരവധി ധനസഹായങ്ങൾ ക്ഷീരകർഷകർക്ക് നൽകി വരുന്നുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.<br><br>മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (MSDP)- ഒരു പശു യൂണിറ്റ്, രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ് കൂടാതെ 10 പശു യൂണിറ്റ് (ബാങ്ക് ലോൺ ഉൾപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിലുള്ള പശു വളർത്തൽ), 20 പശു യൂണിറ്റ് (ബാങ്ക് ലോൺ ഉൾപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിലുള്ള പശു വളർത്തൽ)<br><br>ക്ഷീര യുവ (സ്മാർട്ട് ഡയറി ഫാം) - യുവ സംരംഭകർക്കുള്ള പ്രത്യേക ഡയറി ഫാം പദ്ധതി (ലോൺ ബാധകം)<br><br>ഗ്രൂപ്പുകൾക്കുള്ള പശു വാങ്ങൽ പദ്ധതി- “ ജെഎൽ ജി, എസ് എച്ച് ജി, എഫ് പി ഒ., മറ്റ് രജിസ്റ്റേഡ് ഗ്രൂപ്പുകൾ എന്നിവയ്ക്കുള്ള 5, 10 പശു വളർത്തൽ പദ്ധതി (ലോൺ ബാധകം)<br><br>ക്ഷീരഗ്രാമം - തെരഞ്ഞെടുത്ത 40 ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തി നടത്തുന്ന പ്രത്യേക പദ്ധതി<br><br>കിടാരി പാർക്ക് (Heifer Park ) - 50 കിടാരികളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനും സർക്കാർ പദ്ധതി ഗുണഭോക്താക്കൾക്ക് വിൽപ്പന |

നടത്തുന്നതിനുമുള്ള പ്രത്യേക പദ്ധതി (വ്യക്തികൾ/ ഗ്രൂപ്പുകൾ /ക്ഷീരസംഘങ്ങൾ / FPO/J LG/SHG)

ക്ഷീര തീരം - തീരദേശത്തെ മൽസ്യം, കയർ മേഖലയിലെ തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പ്രത്യേക 2 പശു യൂണിറ്റ് പദ്ധതി (വ്യക്തിഗതം)

ബാങ്ക് ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം.

അസിസ്റ്റൻസ് ടു പ്രോഗ്രസ്സീവ് ഡയറി ഫാമേഴ്സ് (ആവശ്യാധിഷ്ഠിത ധനസഹായം)

ധാതുലവണ മിശ്രിതം വിതരണം

ഡയറി ഫാമുകളുടെ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും ധനസഹായം

കാലിത്തൊഴുത്ത് നിർമ്മാണം

കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം

കൊമ്മേഴ്സ്യൽ ഡയറി ഫാമുകളുടെ ആധുനികവൽക്കരണത്തിനുള്ള ധനസഹായം

തീറ്റപ്പുൽകൃഷി വികസന പദ്ധതി
ക്ഷീരകർഷകർ, ക്ഷീരസംഘങ്ങൾ എന്നിവ മുഖേന തീറ്റപ്പുൽ കൃഷി ഉൽപാദനവും സംരക്ഷണവും 20 സെന്റിന് മുകളിൽ- സബ്സിഡി തുക 33,000രൂപ / ഹെക്ടർ, 20 സെന്റിൽ താഴെ-സൗജന്യ പുൽക്കട വിതരണം മാത്രം
തീറ്റപ്പുൽ കൃഷിയ്ക്കുള്ള ജലസേചന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം

യന്ത്രവൽക്കരണ ധനസഹായം - ചാഫ് കട്ടർ, ബ്രഷ് കട്ടർ മുതലായ യന്ത്രങ്ങൾ

യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായപദ്ധതി

വാണിജ്യാടിസ്ഥാനത്തിൽ തരിശു നിലത്തിൽ തീറ്റപ്പുൽ കൃഷി - ഒരു ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷിചെയ്യുന്നതിന് വ്യക്തികൾ, ഗ്രൂപ്പുകൾ, ക്ഷീരസംഘങ്ങൾ എന്നിവയ്ക്കുള്ള ധനസഹായ പദ്ധതി.

ഫോഡർ ഹബ്സ്/ ഫോഡർ മാർക്കറ്റിംഗ് (ജെഎൽ ജി/ എസ് എച്ച് ജി) - 1 ഏക്കർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി.

ചോളം കൃഷി ചെയ്യുന്നതിനുള്ള ധനസഹായം
കണ്ടിജൻസി ഫണ്ട് - ക്ഷീരകർഷകർക്ക്

| | | | |
|---|---|---|---|
| | | | പശുവളർത്തലിൽ ആകസ്മികമായുണ്ടാകുന്ന നഷ്ടങ്ങൾക്കുള്ള ധനസഹായം<br><br>ക്ഷിരസംഘങ്ങൾ വഴി പച്ചപ്പുൽ, സൈലേജ്, വയ്ക്കോൽ വിതരണം ധനസഹായം<br><br>ക്ഷീരസംഘങ്ങൾ വഴി ധാതുലവണ മിശ്രിത വിതരണം ധനസഹായം<br><br>ഫാം ലെവൽ ഹൈജീൻ - 5 പശുക്കൾ മുതലുള്ള ഫാമുകളിലെ ശുചിത്വവൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതി. |
| (സി) | തീറ്റ ഉൾപ്പെടെയുള്ള സാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | തീറ്റ ഉൾപ്പെടെയുള്ള സാധനങ്ങൾ സബ്സിഡിനിരക്കിൽ ലഭ്യമാക്കുന്നതിന് ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരസംഘങ്ങൾ വഴി പച്ചപ്പുൽ, സൈലേജ്, വയ്ക്കോൽ വിതരണം, ക്ഷീരസംഘങ്ങൾ വഴി ധാതുലവണ മിശ്രിതം വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. ത്രിതല പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരസംഘങ്ങൾ വഴി സബ്സിഡി നിരക്കിൽ കറവപശുക്കൾക്ക് കാലിത്തീറ്റവിതരണം പദ്ധതി നിർവ്വഹണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ